**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2290** **06-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് നഗരസഭാ മിനി കോൺഫറൻസ് ഹാൾ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2005-06 ലെ എം.ജി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് നഗരസഭാ ഓഫീസിൽ മിനി കോൺഫറൻസ് ഹാൾ നിർമ്മിച്ച വകയിൽ കരാറുകാരന് തുക നൽകാനുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്, പ്രവൃത്തി ചെയ്ത വകയിൽ കരാറുകാരന് 1,53,612/- രൂപ കൂടി അനുവദിക്കാനുണ്ട്. |
| (ബി) | കോടതി ഉത്തരവ് പാലിക്കുന്നതിനായി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും പ്രസ്തുത തുക നൽകുന്നതിന് അനുവാദം നൽകണമെന്ന നഗരസഭയുടെ പ്രപ്പോസലിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ് പുറപ്പെടുവിച്ച 24.04.2022-ലെ സ.ഉ.(സാധാ) നം. 1009/2022/ എൽഎസ്ജിഡി നമ്പർ ഉത്തരവിലൂടെ അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത വിഷയത്തിൽ കാസർഗോഡ് നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടറേറ്റ് ലോ ഓഫീസർക്ക് നൽകിയ പി.ഡബ്ല്യു. -1-15171/05/ തീയതി 23.11.21-ലെ കത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | പ്രസ്തുത വിഷയത്തിൽ കാസർഗോഡ് നഗരസഭാ സെക്രട്ടറി ലോ ഓഫീസർക്ക് നൽകിയ കത്തിൽ, നഗരസഭാ മിനി കോൺഫറൻസ് ഹാൾ (എം.ജി.പി.)ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വകയിൽ കരാറുകാരന് നൽകാൻ അവശേഷിക്കുന്ന 1,53,612/- രൂപയും, കാസർഗോഡ് പ്രിൻസി പ്പൽ കോടതിയുടെ ഉത്തരവിൽ പരാമർശിക്കുന്ന 01.09.2008 മുതലുള്ള 6% പലിശയും സഹിതം നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ് പുറപ്പെടുവിച്ച 24.04.2022-ലെ സ.ഉ.(സാധാ) നം. 1009/2022/എൽഎസ്ജിഡി നമ്പർ ഉത്തരവ് പ്രകാരം മേൽ തുക നഗരസഭാ ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ